Janayuagam Daily 11/12/2019



'ഗവേഷണ പ്രസിദ്ധീകരണം, രചനകളിലെ കോപ്പിയടി നിയന്ത്രണം' ദേശീയ ശില്പശാല കേരള കാർഷിക സർവകലാശാല ലൈബ്രറിയിൽ ചീഫ് വിപ്പ് അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്യുന്നു

# കോപ്പിയടി ഗവേഷണ രചനകളുടെ മേന്മ കുറയ്ക്കുന്നു: ചീഫ് വിപ്പ്

തൃശ്ശൂർ: കോപ്പിയടി, ഗവേഷണ രചനകളുടെയും സാഹിത്യ രചനകളുടെയും ഗുണമേന്മ കാര്യമായി കുറയ്ക്കുന്നുവെന്ന് ചീഫ് വിപ്പ് അഡ്വ. കെ രാജൻ അഭിപ്രായപ്പെട്ടു. 'ഗവേഷണ പ്രസിദ്ധീകരണം, രചനകളിലെ കോപ്പിയടി നിയന്ത്രണം' എന്ന വിഷയത്തിലുള്ള ദേശീയ ശില്പശാല കേരള കാർഷിക സർവകലാശാല ലൈബ്രറിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചിതൽ കയറി സാധനങ്ങൾ കാർന്ന് തിന്നുന്ന പോലെയാണ് പകർത്തി എഴുതിയുള്ള പ്രസിദ്ധീകരണങ്ങളുടെ നാശം സംഭവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ലൈബ്രറി വിഭാഗം മേധാവി ഡോ. എ റ്റി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു.

ഗവേഷണ വിഭാഗം ഡിറക്ടർ ഡോ. പി ഇന്ദിര ദേവി മുഖ്യ പ്രഭാഷണം നടത്തി. ദക്ഷിണേന്ത്യയിലെ സർവ്വകലാശാല, കോളജ് അധ്യാപകർ, ഗവേഷകർ, ലൈബ്രേറിയന്മാർ ഉൾപ്പെടെ 60 പേർ പരിപാടിയിൽ പങ്കെടുത്തു. അളഗപ്പ സർവകലാശാല ലൈബ്രേറിയൻ ഡോ. പി മുത്തുമാരി, ഹോർട്ടികൾച്ചർ കോളജ് മുൻ അസോസിയേറ്റ് ഡീൻ ഡോ. ജോർജ്ജ് തോമസ്, ഡോ. എ ടി ഫ്രാൻസിസ്, സെയിന്റ് തോമസ് കോളജ് ലൈബ്രേറിയൻ സാൻജോ ജോസ്, ഡോ. എൻ ബി നിഷ, തുടങ്ങിയവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു.